## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4825** — **19.05.2017-ൽ മറുപടിക്ക്**

### ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ :

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് ജോലിക്ക് കേരളത്തിൽ എത്തുന്നവർ എവിടെയെങ്കിലും അവരുടെ തിരിച്ചറിയൽ രേഖ ഉൾപ്പെടെ നൽകി രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത വിഷയം പരിശോധിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലിക്ക് എത്തുമ്പോൾ തൊഴിൽ ഉടമകൾക്കുകൂടി ഉത്തരവാദിത്വം വരുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) യും (ബി) യും നിലവിലില്ല. 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ കോൺട്രാക്ടർ മുഖേന ജോലിക്ക് നിയോഗിക്കുകയാണെങ്കിൽ തൊഴിലുടമ രജിസ്ട്രേഷൻ എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ഇതര സംസ്ഥാന തൊഴിലാളികളും കോൺട്രാക്ടർ മുഖേന അല്ലാതെ നേരിട്ട് ജോലിക്ക് എത്തിച്ചേരുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും അപകട ഇൻഷ്വറൻസ് കവറേജും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ 'ആവാസ്' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.